**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 585** **08-10-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാസറഗോഡ് ജില്ലയിൽ വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്; അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന രണ്ട് പൊതുമേഖലാസ്ഥാപനങ്ങളാണുള്ളത്. അവ ചുവടെ ചേർക്കുന്നു.<br><br>1. കെൽ ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ്<br><br>2.കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ യൂണിറ്റായ ഉദുമ ടെക്സ്റ്റൈൽസ്<br><br>ഈ സ്ഥാപനങ്ങൾ നിലവിൽ ലാഭകരമായി പ്രവർത്തിക്കു-ന്നില്ലെങ്കിലും മെച്ചപ്പെട്ട പ്രവർത്തന പുരോഗതി കൈവരിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങൾ കൂടാതെ കിൻഫ്രയുടെ ഒരു ചെറുകിട പാർക്കും കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | അവയിൽ ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖാ സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) | എ പിരിവിലെ മറുപടി കണ്ടാലും |
| (സി) | ലാഭകരമല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ? | (സി) | ലാഭകരമല്ലാതെ പ്രവർത്തിക്കുന്ന-ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സാങ്കേതിക മേഖലകളിലും വിപണന രംഗത്തും ഉൾപ്പെടെ വ്യവസായ സംബന്ധിയായ സമസ്ത മേഖലകളിലും ഉണ്ടായിക്കൊ-ണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾക്കൊണ്ട് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ നവീകരണ വിപുലീകരണ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ഇതിനാവശ്യമായ പ്രവർത്തന മൂലധന സഹായമുൾപ്പെടെയുള്ള ധനസഹായവും സർക്കാർ നൽകിവരുന്നുണ്ട്.<br><br>പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി ലാഭകരമാക്കുന്നതിന്റെ ഭാഗമായി ഓരോ സ്ഥാപനങ്ങളുടെയും 2024-25 സാമ്പത്തിക |

| | | | |
|---|---|---|---|
| | | | വർഷത്തേക്കുള്ള ബിസിനസ്സ് പ്ലാനും MoU ഉം തയ്യാറാക്കുകയും അതിന്റെ പുരോഗതി മാസം തോറും ബോർഡ ഫോർ പബ്സിക് സെക്ടർ ട്രാൻസ്ഫർമേഷൻ (ബി. പി. റ്റി) ഒരു ഇന്റർനെറ്റ് അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനം വഴി കൃത്യമായി അവലോകനം ചെയ്ത് വരുന്നു. കൂടാതെ നിശ്ചിത ഇടവേളകളിൽ സർക്കാർ തലത്തിലും അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ